പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 264 **29-10-2026-ൽ മറുപടിയ്ക്ക്**

മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി സീറ്റ് ക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി .എം. എ. സമീർ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് കാലാകാലങ്ങളിൽ താത്കാലിക അധിക ബാച്ചുകൾ അനുവദിക്കുന്നുണ്ട്. കൂടാതെ മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ച് വരുന്നുണ്ട്. 2026-27 അധ്യയന വർഷത്തിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി 120 താത്കാലിക അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ ഇനി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: വരും വർഷങ്ങളിലെ പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത പരിശോധിച്ച് പ്ലസ് വണ്ണിൽ അധികമായി സീറ്റുകൾ ആവശ്യമായി വരികയാണെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ